"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി മരണപ്പെട്ട ഫാത്തിമ എന്ന കുട്ടിയുടെ അമ്മയ്ക്ക് ആശ്രിത എന്ന് കണക്കാക്കി ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.30/2025/WCDD തീയതി,തിരുവനന്തപുരം, 26-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി.10.12.2018.
2. സ.ഉ.(സാധാ) നം. 101/2021/WCDD, തീയതി.08.11.2021.
3. സ.ഉ.(സാധാ) നം. 488/2023/WCDD, തീയതി.04.09.2023.
4. വനിതശിശു വികസന ഡയറക്ടറുടെ 01.01.2025-ലെ DWCD/2082/2024-NCD നമ്പർ കത്ത്.

**ഉത്തരവ്**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം(2) പ്രകാരവും ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയ്ക്ക് ജില്ലാതല സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചും മുൻ ഉത്തരവ് ഭേദഗതി ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയിലേയ്ക്ക് ലഭ്യമായ, മരണപ്പെട്ട ഫാത്തിമ, ഐക്കരക്കുടി വീട്, മറിയപടി, കരുമാല്ലൂർ, ആലുവ എന്ന കുട്ടിയുമായി ബന്ധപ്പെട്ട അപേക്ഷയും അനുബന്ധ രേഖകളും ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 100000 രൂപ അനുവദിക്കുന്നതിന് ആശ്വാസനിധി ജില്ലാ തല സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ സഹിതം എറണാകുളം ഡി.സി.പി.ഒ സമർപ്പിച്ചിരുന്നതായും മരണപ്പെട്ട ഫാത്തിമയുടെ അമ്മ ഡിപ്രഷന് ചികിത്സയിലാണ് എന്നത് കൂടി പരിഗണിച്ചു കൊണ്ട് കുട്ടിയുടെ അമ്മയ്ക്ക് ആശ്രിത എന്ന് കണക്കാക്കി ആശ്വാസനിധി

ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്ത ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്വാസനിധി സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതിൻ പ്രകാരം, മരണപ്പെട്ട ഫാത്തിമയുടെ അമ്മയ്ക്ക് ആശ്രിത എന്ന് കണക്കാക്കി ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 27-01-2025 11:26:18